പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1883 17-06-2013-ൽ മറുപടിയ്ക്ക്

<u>ഉന്നതരുടെ ഫോൺ ചോർത്തൽ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഉന്നത സ്ഥാനീയരായിട്ടുള്ളവരുടെ ഫോൺ ചോർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് അധികാരമുള്ള പോലീസ് മേധാവികളുടെ പേരുവിവരം വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഫോൺ ചോർത്തലിന് അധികാരം നൽകുന്നത് ഏത് നിയമ പ്രകാരമാണ് ? | (ബി) രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, ആഭ്യന്തര സുരക്ഷ, കുറ്റകൃത്യങ്ങൾ തടയൽ, പബ്ലിക് ഓർഡർ, കേസന്വേഷണം മുതലായ കാര്യങ്ങൾ പരിഗണിച്ച് ഒരുവ്യക്തിയുടെ മൗലികസ്വാതന്ത്ര്യത്തിന്മേൽ ന്യായമായ നിയന്ത്രണങ്ങൾ (Reasonable restrictions) ഏർപ്പെടുത്തുന്നതിനുള്ള ഭരണഘടനാവ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 1885-ലെ ഇന്ത്യൻ ടെലഗ്രാഫ് ആക്ട് വകുപ്പ് 5(2), 2000-ലെ ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ വകുപ്പ് 69 എന്നിവയിലെയും ബന്ധപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാത്രമാണ് ടെലഫോണുകൾ നിരീക്ഷണത്തിൽ വയ്ക്കുന്നതിന് അനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ